

# അതിരപ്പിള്ളി അനിവാര്യമാണ്

ഡോ. സുകുമാർ അഴീക്കോട്

ചാലക്കുടിപ്പുഴ കേരളത്തിന് അനുഗ്രഹമായി സമ്മാനിച്ച പ്രകൃതിയുടെ സൗഭാഗ്യമാണ് അതിരപ്പിള്ളി വെള്ളച്ചാട്ടം ഇത്ര മനോഹാരിതയും, ഒരു പ്രദേശത്തെയാകെ സസ്യസമ്പത്തുകൊണ്ടും അന്തരീക്ഷനൈർമല്യം കൊണ്ടും ഉള്ള അനിവാര്യതയും ചേർന്ന മറ്റൊരു നീർച്ചാട്ടം കേരളത്തിലില്ല. തൊട്ടാൽ പൊട്ടുന്ന പ്രകൃതി സമതുലനത്തിന്റെ അവസ്ഥയാണ് അവിടെയുള്ളത്. കച്ചവടക്കണ്ണും ലാഭക്കൊതിയും മുഴുത്തവർക്കല്ലാതെ അത് സ്വാർത്ഥലാഭത്തിനു വേണ്ടി നശിപ്പിക്കാൻ തോന്നുകയില്ല.

അതിരപ്പിള്ളി സന്ദർശിച്ച് അവിടത്തെ പരിസ്ഥിതിയുടെ സവിശേഷതകൾ നേരിട്ടു കണ്ടിട്ട് എഴുതുന്നതാണീ കുറിപ്പ്. അവിടെ ചുറ്റുവട്ടത്തിൽ ജീവിക്കുന്ന ആദിവാസികളുമായി സമ്പർക്കം പുലർത്തി അവരുടെ അനുഭവങ്ങൾ മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. തങ്ങളുടെ ജീവിതത്തിന്റെ ഒരേയൊരാശ്രയകേന്ദ്രമാണ് വൈദ്യുതി പദ്ധതി വന്നാൽ നഷ്ടപ്പെടുകയെന്ന് വിലപിക്കുന്ന ആദിവാസി സ്ത്രീകളെ അവിടെ ഞാൻ കണ്ടു. ഇവരുടെ ജീവിതത്തെ നശിപ്പിച്ചുകൊണ്ട് അവിടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഒരഭിവൃദ്ധിക്കും വികസനത്തിനും വിലയില്ല. കൈക്കുമ്പിളിൽ ഒതുക്കാവുന്ന വൈദ്യുതിയ്ക്ക് പകരം വയ്ക്കാവുന്നതല്ല കേരളത്തിലെ ഒരു ദുർബല ജനസമൂഹത്തിന്റെ നിലനിൽപ്പ്. ഏതു വ്യവസായവും മറ്റൊരിടത്തേക്ക് മാറ്റിവെയ്ക്കാം. എന്നാൽ അതിരപ്പിള്ളിയുടെ പ്രകൃതിമഹിമ മാറ്റിവെയ്ക്കാനാവാത്തതും പകരമില്ലാത്തതുമാണ്.

കേരളത്തിൽ പല നദീതടങ്ങളെയും ഇത്തരം വികസന പദ്ധതികൾ ഉണക്കികഴിഞ്ഞു. പെരിങ്ങൽക്കുത്ത് തൊട്ട് ഒരു പാടുണ്ട്. ആ കൂട്ടത്തിലേക്ക് തള്ളിവിടാൻ അതിരപ്പിള്ളി ആരെയും അനുവദിക്കില്ല എന്നാണ് എനിക്ക് അവിടത്തെ ജനങ്ങളോടു ബന്ധപ്പെട്ടതിൽനിന്ന് മനസ്സിലായത്. ബലപരീക്ഷണത്തിന് അധികൃതർ അവസരം ഉണ്ടാക്കരുത്.

*വിയ്യൂർ, തൃശൂർ*

# ഈ പദ്ധതി പാടില്ല

സുഗതകുമാരി

**പോസ്റ്റർ കാർട്ടൂൺ-കെ.പി. ശശി**




ഒരു പുഴയേയും ചങ്ങലക്കിടാൻ നമുക്കവകാശമില്ല. ഒരു പുഴയുടെ വില അതിൽനിന്നുണ്ടാക്കാവുന്ന വൈദ്യുതിയുടെ വിലയല്ല. ചാലക്കുടി പുഴയോരത്തെ ജനങ്ങളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വർഷങ്ങളായി എതിർക്കുന്ന പദ്ധതിയാണിത്. ഒരു ജനതക്ക് ആവശ്യമില്ലാത്തതും, കടമെടുത്ത പണം കൊണ്ടു നടത്തേണ്ടതുമായ ഈ പദ്ധതിയുടെ ആവശ്യക്കാർ സാധാരണ ജനങ്ങളല്ല, കോൺട്രാക്ടർ - എഞ്ചിനിയർ ഉദ്യോഗസ്ഥ ലോബിയാണെന്ന് ഓർമ്മിപ്പിക്കട്ടെ. മാത്രമല്ല കെ.എസ്.ഇ.ബി. 600 കോടി രൂപ ചിലവ് വകയിരുത്തുന്ന ഈ പദ്ധതി അവസാനിക്കുമ്പോൾ 1500 കോടിയെങ്കിലുമാകുമെന്ന് കഴിഞ്ഞകാല ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പ്രസരണനഷ്ടവും, മോഷണ നഷ്ടവും ഒഴിവാക്കിയാൽ തന്നെ നിർദിഷ്ട പദ്ധതിയിൽ നിന്ന് ലഭിക്കാവുന്നതിനേക്കാളധികം വൈദ്യുതി ലാഭിക്കാം. ഇക്കാരണങ്ങളെല്ലാം കൊണ്ടുതന്നെ ഈ പദ്ധതി നടപ്പാക്കാൻ പാടില്ലെന്ന് ആവശ്യപ്പെടുന്നു.

*'വരദ', നന്ദാവനം, തിരുവനന്തപുരം*

---

തോളം കുടിവെള്ള പദ്ധതികളുണ്ട്. ഈ കുടിവെള്ള പദ്ധതികളിൽ പലതിന്റെയും പ്രവർത്തനം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കിയാൽ അവതാളത്തിലാകും.

പദ്ധതി മൂലമുണ്ടാകാവുന്ന മറ്റൊരു പ്രധാന പ്രശ്നം പുഴയിലെ മാലിന്യങ്ങളുടെ സംഭരണമാണ്. ചാലക്കുടി മുനിസിപ്പാലിറ്റി, മുരിങ്ങൂർ ധ്യാനകേന്ദ്രം, പുഴയ്ക്കു സമീപം സ്ഥിതിചെയ്യുന്ന രണ്ട് വാട്ടർ തീം പാർക്കുകൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ ഇപ്പോൾ ചാലക്കുടി പുഴയിലേക്കാണ് ഒഴുക്കിവിടുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ പുഴയിൽ ഒഴുക്കുള്ളതുകൊണ്ട് ഈ മാലിന്യങ്ങൾ ഒരു പ്രശ്നമായി മാറുന്നില്ല. എന്നാൽ പദ്ധതി മൂലം ഒഴുക്ക് നിലച്ചാൽ ഈ മാലിന്യകൂമ്പാരങ്ങൾ പലയിടത്തും അടിഞ്ഞുകൂടാനിടവരും. ദിവസത്തിൽ വളരെ കുറച്ചുനേരം മാത്രമുണ്ടാകുന്ന ഒഴുക്കിന് ഈ മാലിന്യകൂമ്പാരങ്ങളെ മുഴുവനായി ഒഴുക്കിക്കളയാനുമാകില്ല. ഇതുമൂലം ഒരു പ്രദേശത്ത് നിക്ഷേപിച്ച് മാലിന്യങ്ങൾ അവിടെതന്നെ കുമിഞ്ഞുകൂടുകയും പല ജലജന്യരോഗങ്ങൾ വ്യാപകമാകാൻ ഇടവരുത്തുകയും ചെയ്യാം.

എന്നാൽ ഇത്തരം പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള കാര്യമായൊരു പഠനവും നടത്താതെയാണ് വൈദ്യുതി ബോർഡ് മുന്നോട്ടുപോകുന്നത്. വെറും 40 കോടി മാത്രം വിറ്റുവരവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി മുപ്പതോളം പഞ്ചായത്തുകളിലെ വലിയൊരു ജനവിഭാഗത്തിന്റെ കുടിവെള്ളം മുട്ടിക്കുന്നതിലൂടെ കനത്ത നഷ്ടമാണുണ്ടാക്കുന്നത്. ആളുകളുടെ കുടിവെള്ളമാണ് ഇവിടെ പ്രധാനം, തുച്ഛമായ വിറ്റുവരവുണ്ടാക്കുന്ന വൈദ്യുത ഉല്പാദനമല്ല.

*കേരളീയം, തൃശൂർ-21*